


**നഗരത്തിൽ സ്ഥാപിച്ചിരിക്കുന്ന സൈക്കിൾ റാക്കുകളിൽ ഒന്ന്.**

# സൈക്കിൾ ക്ലബ് വീണ്ടുമെത്തുന്നു

**കൊച്ചി ●** പുതിയ സോഫ്റ്റ്‌വെയറുമായി ആദി സൈക്കിൾ ക്ലബ് നഗരത്തിൽ വീണ്ടും വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ കഴിഞ്ഞ കൊല്ലം നടപ്പാക്കിയ പദ്ധതി ഉപഭോക്താക്കളുടെ എണ്ണം കൂടിയതു കാരണം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വരുകയായിരുന്നു. ഇത്തവണ പുത്തൻ സോഫ്റ്റ്‌വെയർ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമെന്ന് ഉടമ എം.എസ്. അതിരൂപ് പറയുന്നു. തിരുവനന്തപുരം ടെക്നോപാർക്കിൽ വിജയിച്ച മാതൃകയാണു നഗരത്തിലും ഇത്തവണ പരീക്ഷിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം ഇന്നു രാവിലെ 10 നു ഹൈക്കോടതി ജംക്‌ഷനിൽ മേയർ ടോണി ചമ്മണി ഉദ്ഘാടനം ചെയ്യും. നഗരത്തിൽ പാലാരിവട്ടം, കലൂർ, കച്ചേരിപ്പടി, പത്മ, ഹൈക്കോർട്ട്, മേനക, ബോട്ട് ജെട്ടി, സൗത്ത്, കെഎസ്ആർടിസി സ്റ്റാൻഡ്, മനോരമ ജംക്‌ഷൻ, കടവന്ത്ര, വൈറ്റില, തേവര എന്നിവിടങ്ങളിലായിരിക്കും സൈക്കിൾ റാക്കുകൾ സ്ഥാപിക്കുക. രണ്ടു രൂപയാണു മണിക്കൂറിനു ചാർജ്. ഒരിടത്തു നിന്നെടുക്കുന്ന സൈക്കിൾ അവിടെ തന്നെ തിരികെ വയ്ക്കണമെന്നില്ല. എസ്എംഎസ് മുഖേനെയാണ് ഇതിന്റെ പ്രവർത്തനം.

റാക്കുകളിലുള്ള ഡ്രോപ് ബോക്സിൽ പണം നിക്ഷേപിക്കാം. ABC എന്നു ടൈപ്പ് ചെയ്ത് 9645511155 എന്ന നമ്പറിലേക്കും എസ്എംഎസ് അയച്ചാൽ സൈക്കിൾ ഉപയോഗിക്കാനുള്ള മാർഗനിർദേശങ്ങൾ ലഭിക്കും. റാക്കുകൾക്കു സമീപവും ഇവ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. ചെറിയ ദൂരങ്ങൾ സൈക്കിളിൽ യാത്ര ചെയ്താൽ ഇന്ധന ലാഭത്തോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിനു നമ്മളാലാകുന്ന ഒരു കൈ സഹായവുമാകും. വിവരങ്ങൾക്ക് വെബ്സൈറ്റ് : www.athirup.com